ഹദീസ്

ടി.എം ഇസാം
teeyemisam@gmail.com

# വേരുള്ള സൗഹൃദങ്ങൾ

عَنْ مُعَاذ، عَن رَسُول اللهِ صَلَّى اللهُ عليه وسلَّمَ، يَأثر اللهُ عَزَّ وَجَلَّ، قَالَ : وَجَبَتْ مَحبَّتي لِلَّذِينَ يَتَحابونَ فِي، وَيَتَجَالِسُونَ فِي، وَيَتَبَاذِلُونَ فِي (موطأ مالك - 2744)

**മുആദുബ്നു ജബൽ (റ) റസൂലി(സ)ൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു. അല്ലാഹു പറയുന്നു: "എന്റെ പേരിൽ പരസ്പരം സ്നേഹിക്കുകയും എന്റെ പേരിൽ ഒന്നിച്ചിരിക്കുകയും എന്റെ പേരിൽ സമയം ചെലവഴിക്കുകയും ചെയ്യുന്നവർക്ക് എന്റെ സ്നേഹം നിർബന്ധമായിരിക്കുന്നു" (മുവത്വ 2744).**

പരസ്പരം കൂട്ടുകൂടലും ഇടപെടലുമെല്ലാം മനുഷ്യപ്രകൃതിയുടെ ഭാഗമാണ്. ഇസ്‌ലാം ഈ പ്രകൃതിയെ കൃത്യമായി പരിഗണിച്ചിരിക്കുന്നു. ബന്ധം ചേർക്കലും സൗഹൃദം സൂക്ഷിക്കലുമെല്ലാം ഉത്തമരായ വിശ്വാസികളുടെ ഗുണത്തിൽ എണ്ണി പറയുന്നു. മനുഷ്യരിൽ നിന്നും സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുന്നതും വിട്ടു നിൽക്കുന്നതും ഇസ്‌ലാം നിരുത്സാഹപ്പെടുത്തുക കൂടി ചെയ്യുന്നു. ഇബ്നു ഉമർ (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസ്: 'ജനങ്ങളുമായി ബന്ധപ്പെടുകയും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്ന വിശ്വാസിയാണ് ജനങ്ങളുമായി ഇടപഴകാതെ അവരുടെ പ്രശ്നങ്ങളിൽ നിന്ന് വിട്ടു നിൽക്കുന്ന വിശ്വാസിയേക്കാൾ ഉത്തമൻ' (ഇബ്നു മാജ: 4032).

സൗഹൃദ വലയങ്ങൾ മാനുഷിക ബന്ധങ്ങളിൽ വളരെ സവിശേഷമായതാണ്. വ്യക്തിയുടെ നന്മതിന്മകളിൽ അവന്റെ സുഹൃത്തുക്കൾ വഹിക്കുന്ന ഭാഗധേയം അനിഷേധ്യമാണ്. അറബി ഭാഷയിലെ خليل എന്ന പദം ഈ ആശയം ശരിവെക്കുന്നു. സുഹൃദ് ബന്ധത്തിന്റെ ആഴം സൂചിപ്പിക്കാനാണ് അറബി ഭാഷയിൽ خليل-خُلة തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നത്. ഇബ്റാഹീം നബിയെ അല്ലാഹു خليل ആക്കിയിരിക്കുന്നു എന്നാണല്ലോ ഖുർആന്റെ പ്രയോഗം. خليل എന്ന പദമാകട്ടെ خل എന്ന പദത്തിൽ നിന്ന് നിഷ്പന്നമായതാണ്. സുർക്ക എന്നാണ് അതിന്റെ അർഥം. സുർക്കയിലിട്ടാൽ ഏതൊരു വസ്തുവും നിമിഷ നേരം കൊണ്ട് അതിന്റെ മണവും രുചിയും സ്വാംശീകരിക്കുന്നതു പോലെ സൗഹൃദ വലയങ്ങൾക്കും അത്ഭുതകരമാം വിധം സ്വാധീനശക്തിയുണ്ട്. അതാണ് خل-ൽനിന്ന് خليل ഉണ്ടായതിന്റെ താൽപര്യം.

അതുകൊണ്ടാവണം 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്ന് പറയുന്നത്. സമാന ആശയം ഒരു നബിവചനത്തിൽ ഇങ്ങനെ വായിക്കാം: 'ഒരാൾ അവന്റെ സ്നേഹിതന്റെ ചര്യയിൽ പെട്ടവനാണ്. അതുകൊണ്ട് നിങ്ങൾ ഓരോരുത്തരും ആരാണ് അവന്റെ സ്നേഹിതൻ എന്ന് ചിന്തിക്കട്ടെ' (അഹ്മദ് 8417).

ഒരു വിശ്വാസി ആരുമായിട്ടാണ് സുഹൃദ് ബന്ധം സ്ഥാപിക്കേണ്ടത് എന്ന് ഗൗരവപൂർവം ചിന്തിക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നു: "കൂട്ടുകാരൊക്കെയും അന്നാളിൽ പരസ്പരം ശത്രുക്കളായി മാറും; സൂക്ഷ്മത പാലിക്കുന്നവരൊഴികെ" (43:67). വിശ്വാസികൾ തമ്മിലുള്ള സുഹൃദ് ബന്ധം ആദർശപരമാണ്. അതിന്റെ അടിസ്ഥാനം ഇസ്‌ലാമാണ്. അവർ പരസ്പരം നന്മയും ഭക്തിയും ഉപദേശിക്കും. അവർക്കിടയിലെ ശരിതെറ്റുകൾ തീരുമാനിക്കുന്നത് അല്ലാഹുവും റസൂലുമല്ലാതെ മറ്റാരുമല്ല. മേലുദ്ധരിച്ച ഖുദ്സിയായ ഹദീസിൽ പറയുന്നതു പോലെ അവർക്ക് അല്ലാഹുവിന്റെ സ്നേഹം നിർബന്ധമായിരിക്കുന്നു. അവർ അല്ലാഹുവിന് വേണ്ടി ഒന്നിച്ചിരിക്കുകയും സമയം ചെലവഴിക്കുകയും ചെയ്യുന്നു. അത്തരം ബന്ധങ്ങൾ ഗുണകാംക്ഷയുടെ പരസ്യ പ്രകടനമായിരിക്കും. അവർ പരസ്പരം നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിൽ ശ്രദ്ധാലുക്കളായിരിക്കും. നൈമിഷികമായ ഭൗതികലോകത്തിനും അപ്പുറത്ത് അല്ലാഹുവിന്റെ സന്നിധിയിൽ വെച്ചുള്ള കണ്ടുമുട്ടൽ അവരുടെ അഭിലാഷമായിരിക്കും. തഖ്‌വയുടെ നിറവും ഈമാനിന്റെ സൗരഭ്യവുമുള്ള അത്തരം സൗഹൃദങ്ങളുടെ കൂട്ട് സത്യസന്ധതയാണ്. അത് ആകാശത്തോളം വിശാലമായിരിക്കുകയും അതിന്റെ വേരുകൾ ഭൂമിയിൽ ആണ്ടു കിടക്കുകയും ചെയ്യും. ആ വേരുകളാവട്ടെ അല്ലാഹുവിന്റെ അപാരമായ കാരുണ്യമായ അർശിന്റെ തണലോളം പരന്നുകിടക്കും. അല്ലാഹുവിന്റെ കാരു

ണ്യമാകട്ടെ, അല്ലാഹുവിന്റെ സ്നേഹമാണ്. അങ്ങനെ അവർ അർശിന്റെ തണലിൽ അല്ലാഹുവിന്റെ സ്നേഹം അനുഭവിക്കും. റസൂൽ (സ) വാഗ്ദാനം ചെയ്തു:

'അല്ലാഹുവിന്റെ തണൽ അല്ലാതെ മറ്റൊരു തണലും ഇല്ലാത്ത ദിവസം ഏഴ് വിഭാഗങ്ങൾക്ക് അല്ലാഹു തണൽ നൽകുന്നതായിരിക്കും ........... അല്ലാഹുവിന്റെ പേരിൽ പരസ്പരം സ്നേഹിക്കുകയും ഒരുമിച്ചു കൂടുകയും അവന്റെ പേരിൽ തന്നെ വേർപിരിയുകയും ചെയ്തവർ' (ബുഖാരി 6479, മുസ്ലിം 1031).

തീർച്ചയായും ഈമാനിന് മാധുര്യമുണ്ട്. 'വിശ്വാസത്തിന്റെ മാധുര്യം' എന്നാണ് അതിനെ റസൂൽ വിശേഷിപ്പിച്ചത്. ആ മാധുര്യം നുകരുന്ന മൂന്ന് കൂട്ടരെ റസൂൽ എണ്ണി പറഞ്ഞു:

''മൂന്ന് കാര്യങ്ങൾ ആരിലെങ്കിലും ഉണ്ടായാൽ അവൻ ഈമാന്റെ മാധുര്യം അനുഭവിക്കുന്നതാണ്......... ഒരുവൻ അല്ലാഹുവിന് വേണ്ടി മാത്രം അവന്റെ സഹോദരനെ സ്നേഹിക്കുക' (ബുഖാരി 21, മുസ്ലിം 43).

നല്ല സുഹൃത്തുക്കളെയും ചീത്ത കൂട്ടുകാരെയും കുറിച്ച് നബിയുടെ ഒരു ഉപമയുണ്ട്. നല്ല കൂട്ടുകാരൻ കസ്തൂരി വിൽപനക്കാരനെ പോലെയാണ്. തിന്മകളിൽ മുന്നേറാൻ പ്രേരിപ്പിക്കുന്നവരാകട്ടെ ഉലയിൽ ഊതുന്നവനെപ്പോലെയും.

അബൂമൂസൽ അശ്അരി (റ) പ്രവാചകനിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: 'നല്ല കൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉപമ കസ്തൂരിവാഹകനെയും ഉലയിൽ ഊതുന്നവനെയും പോലെയാണ്. കസ്തൂരിവാഹകൻ അതിൽ നിന്ന് വല്ലതും നിനക്ക് നൽകിയേക്കാം. അല്ലെങ്കിൽ നിനക്കത് വില കൊടുത്ത് വാങ്ങാം. അല്ലെങ്കിൽ നല്ല വാസനയെങ്കിലും നിനക്ക് ലഭിക്കുന്നു. ഉലയിൽ ഊതുന്നവനാകട്ടെ നിന്റെ വസ്ത്രം കരിച്ചുകളയും. അല്ലെങ്കിൽ ദുഷിച്ച ഗന്ധം അനുഭവിക്കേണ്ടി വരും' (ബുഖാരി 5534).

മറ്റൊരു ഉദാഹരണം കൂടി റസൂൽ പഠിപ്പിക്കുന്നുണ്ട്. രണ്ട് സുഹൃത്തുക്കൾ രണ്ട് കൈകൾ പോലെയാണ്. ഒന്ന് മറ്റൊന്നിനെ വൃത്തിയാക്കാൻ സഹായിച്ചു കൊണ്ടിരിക്കും. വിശ്വാസികളായ രണ്ടു പേർ പരസ്പരം കണ്ടുമുട്ടിയാൽ ഒരാളിൽ നിന്ന് മറ്റൊരാൾക്ക് അല്ലാഹു എന്തെങ്കിലുമൊരു നന്മ പ്രദാനം ചെയ്യാതിരിക്കുകയില്ല.

തങ്ങളുടെ സുഹൃദ് ബന്ധങ്ങളിൽ അല്ലാഹുവിനെ അവഗണിക്കുകയും മറന്നുകളയുകയും ചെയ്തവർ, നാളെ പരലോകത്ത് പരസ്പരം ശത്രുക്കൾ ആയിട്ടാണ് ഹാജരാവുക എന്ന് ഖുർആൻ പഠിപ്പിക്കുന്നു. വിശ്വാസികൾ തങ്ങളുടെ ആത്മപരിശോധനകളിൽ അല്ലാഹുവിനെ മുൻനിർത്തി സുഹൃദ് ബന്ധങ്ങളെ കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. നല്ല കൂട്ടുകെട്ടുകൾ നമ്മെ സന്തോഷിപ്പിക്കണം. തിന്മയിലേക്ക് നയിക്കുന്ന സുഹൃദ് ബന്ധങ്ങൾ നമ്മെ അസ്വസ്ഥപ്പെടുത്തണം. അത്തരം ബന്ധങ്ങളിൽ നിന്ന് നന്മ മാത്രം സ്വീകരിക്കാനും ഉൾക്കൊള്ളാനും ശ്രമിക്കണം. അതാവട്ടെ നമ്മുടെ ഈമാനിന്റെ പൂർത്തീകരണത്തിന്റെ ഭാഗമാണ്. ●